**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ആലപ്പുഴ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽപരിശോധന- ശ്രീ എൻ.കെ. ഹരീഷ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ശ്രീ ജെ.അനിക്കുട്ടൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 872/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 22.04.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.05.2014 തീയതിയിലെ ഇ 4(എസ്.സി03/ 14/ എഎൽപി) 10036/ 14 നം. കത്ത്

2. സർക്കാരിന്റെ 07.01.2016 തീയതിയിലെ ഇയു2- 9/ 2014/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യഡയറക്ടറുടെ 30.01.2019 തീയതിയിലെ വി1- 961/ 16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ നഗരസഭയിൽ അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നതിൽ നഗരസഭാഅധികൃതരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ വിവിധ പ്രദേശങ്ങളിലെ ഇറച്ചി കടകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് 02.02.2014 തീയതിയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് അനധികൃത കശാപ്പുശാലകൾക്കെതിരെ നഗരസഭയിൽ നിന്നും നടപടി എടുക്കുന്നില്ല എന്നാരോപിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ശ്രീ.എൻ.കെ.ഹരീഷ് (നിലവിൽ മുക്കം നഗരസഭാസെക്രട്ടറി), ശ്രീ.ജെ.അനിക്കുട്ടൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോക്കിടിയാളുകളുടെ മറുപടിയുടേയും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴയിലെ ആറാട്ടുവഴി, വെള്ളക്കിണർ ജംഗ്ഷൻ എന്നിവിടങ്ങളിലെ ഇറച്ചിക്കടകളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ഇവ അനധികൃത ഇറച്ചിക്കടകളായിരുന്നതും നിലവിലുള്ള ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിച്ചു

വരുന്നതുമായിരുന്നു. ഇതിനെതിരെ നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്നും ശരിയായ നടപടികൾ സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണങ്ങളിലുള്ള വീഴ്ചയായി കാണുന്നുവെന്നതാണ്, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ എൻ.കെ.ഹരീഷ്, ജൂനിയർ ഹെൽത്ത്ഇൻസ്പെക്ടർ ശ്രീ.ജെ.അനിക്കുട്ടൻ എന്നിവർക്കെതിരെയുള്ള ആരോപണം .

3. ആലപ്പുഴ നഗരസഭയിലെ ഇറച്ചി കടകൾക്ക് 2013-14 സാമ്പത്തിക വർഷാരംഭത്തിൽ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നുവെന്നും അനധികൃത കശാപ്പ് തടയുന്നതിന് ബഹു. സുപ്രീംകോടതി നിർദ്ദേശം, ബഹു. മനുഷ്യാവകാശ കമ്മീഷൻ ഉത്തരവുകൾ എന്നിവ പാലിച്ച് സൗത്ത് രണ്ടാം സർക്കിളിലെ ഇറച്ചികടകളിൽ പരിശോധന നടത്തി നഗരസഭാ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും അനധികൃത കശാപ്പിനെതിരെ ആലപ്പുഴ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ST 1004/14 ആയി പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ശ്രീ എൻ.കെ ഹരീഷ് മറുപടി നൽകിയിരുന്നു. രാവിലെ 6 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെയുള്ള സമയത്തും സാധാരണ ഗതിയിൽ അനധികൃത കശാപ്പ് നടക്കാനിടയുള്ള പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലും, ചുമതല ഉണ്ടായിരുന്ന സർക്കിളിൽ അനധികൃത കശാപ്പ്, പൊതു ജനങ്ങൾക്ക് അസഹ്യമായ വിധത്തിൽ ഇറച്ചി പ്രദർശനം, എന്നിവ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതാണെന്നും ഒഴിവു ദിവസമാകയാൽ ടിയാൻ സ്ഥലത്തില്ലാത്ത 02.02.2014 ന് അർദ്ധരാത്രിയാണ് കുറ്റാരോപണത്തിൽ പറയുന്ന വിധമുള്ള സംഭവം നടന്നിട്ടുള്ളതെന്നും മന:പൂർവ്വമായി യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും ശ്രീ.എൻ.കെ.ഹരീഷ് മറുപടിയിൽ വിശദീകരിക്കുന്നു.

4. ശ്രീ ജെ. അനിക്കുട്ടൻ ആലപ്പുഴ നഗരസഭയിൽ 11.06.2013 മുതൽക്കാണ് സേവനമനുഷ്ഠിച്ചു വരുന്നതെന്നും 02.02.2014 തീയതിയിൽ രാത്രി 2 മണിയ്ക്ക് വിജിലൻസ് പരിശോധന നടക്കുമ്പോൾ അന്നത്തെ നഗരസഭാ ഹെൽത്ത് ഓഫീസറുടെ ഫോണിലൂടെയുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ സംഭവസ്ഥലത്ത് എത്തിച്ചേർന്നുവെന്നും നിർദ്ദേശപ്രകാരം മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരെ കൊണ്ട് അറവുമൃഗത്തെ ശരിയായ വിധത്തിൽ മറവു ചെയ്യിട്ടുള്ളതാണെന്നും എന്നാൽ ഈ സമയത്ത് ബന്ധപ്പെട്ട കശാപ്പുശാലകൾ സ്ഥിതി ചെയ്യുന്ന വാർഡുകളിലെ ഡി&ഒ സംബന്ധമായ യാതൊരു ഉത്തരവാദിത്വങ്ങളും ടിയാനിൽ നിക്ഷിപ്തമായിരുന്നില്ല എന്നും മറുപടി നൽകിയിരിക്കുന്നു. ടിയാന് ചുമതലയുള്ള സ്ഥലങ്ങളിൽ അനധികൃത അറവും നിയമലംഘനങ്ങളും തടയുന്നതിന് പരിശോധനകളും നടപടികളും ഉണ്ടായിട്ടുണ്ടെന്നും ഇതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വന്നിരുന്നുവെന്നും ശ്രീ അനിക്കുട്ടന്റെ മറുപടിയിൽ പറയുന്നു. ഈ വിഷയത്തിൽ ടിയാന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളതിനാൽ ആരോപിക്കപ്പെട്ട കുറ്റത്തിൽ നിന്നും വിമുക്തനാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു .

5.അവധി ദിവസം അർദ്ധരാത്രിയിലാണ് അനധികൃത കശാപ്പ് നടത്തിയിട്ടുള്ളത് എന്നതിനാൽ ശ്രീ എൻ.കെ ഹരീഷിന്റെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ച വന്നിട്ടില്ലാത്തതാണെന്നും ശ്രീ.ജെ. അനിക്കുട്ടന് ചുമതല നൽകിയിരുന്ന വാർഡുകളിലല്ല വിഷയാസ്പദമായ സംഭവമുണ്ടായിട്ടുള്ളതെങ്കിലും ഹെൽത്ത് ഓഫീസറുടെ നിർദ്ദേശ പ്രകാരം

സംഭവസ്ഥലത്തെത്തി വിജിലൻസ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ സഹായിച്ചതാണെന്നും മഹസ്സർ ടിയാൻ ഒപ്പിടുക മാത്രമാണ് ടിയാൻ ചെയ്തതെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നു. ടി ജീവനക്കാർ കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കാനാവുന്നതാണെന്നും മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

6. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കേരള മുനിസിപ്പൽ ആക്ട്, 1994 ലെ 455, 469 (3) എന്നീ വകുപ്പുകൾക്ക് വിരുദ്ധമായി അനധികൃത കശാപ്പുശാല പ്രവർത്തിച്ചിരുന്നതായും മറ്റു മൃഗങ്ങളുടെ മുന്നിൽ വച്ച് കശാപ്പ് നടത്തിയിരുന്നതായും വിജിലൻസ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. നഗരസഭാ അധികൃതരുടെ അനാസ്ഥമൂലമാണ് അനധികൃത കശാപ്പുശാലകൾ പ്രവർത്തിച്ചിട്ടുള്ളത് എന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതാണ്. ശ്രീ.എൻ.കെ.ഹരീഷിന് ചുമതലയുള്ള വാർഡുകളിലാണ് അനധികൃത കശാപ്പ് നടന്നിട്ടുള്ളത് എന്നതിനാൽ ആയത് ഉത്തരവാദിത്തത്തിലുള്ള വീഴ്ചയായി കാണാവുന്നതാണ്. പ്രവൃത്തി സമയങ്ങളിലും അനധികൃത കശാപ്പ് നടക്കാനിടയുള്ള പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലും ഉൾപ്പെടെ നിയമപരമായ പരിശോധനകൾ നടത്തിയിരുന്നതായും നടപടികൾ സ്വീകരിച്ചിരുന്നതായും ടിയാൻ മറുപടി നൽകിയിട്ടുള്ളതാണെങ്കിലും ടിയാന്റെ അധികാരപരിധിയിൽ രാത്രി 2 മണിക്ക് അനധികൃത കശാപ്പ് കണ്ടെത്തിയിട്ടുള്ളതിനാൽ ആയത് സാധൂകരിക്കാൻ കഴിയാത്തതാണെന്നതിനാൽ. ശ്രീ എൻ.കെ.ഹരീഷിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുള്ളതായി നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുന്നു. അനധികൃത കശാപ്പിനെതിരെ ആലപ്പുഴ ജുഡിഷ്യൽ 1st ക്ലാസ്സ് കോടതിയിൽ ST1004/14 നമ്പറായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ള കാര്യവും അനധികൃത കശാപ്പിനെതിരെ നഗരസഭാ സെക്രട്ടറിക്ക് ടിയാൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യവും റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം ശ്രീ.എൻ.കെ ഹരീഷിനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു. കൂടാതെ ശ്രീ ജെ അനിക്കുട്ടൻ ടിയാന്റെ ചുമതലാ പരിധിയിലല്ലാത്ത അനധികൃത കശാപ്പുകൾക്ക് ഉത്തരവാദിയാകുന്നില്ല എന്നത് അംഗീകരിക്കാവുന്നതും ടിയാന്റെ മറുപടിയും മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ശ്രീ ജെ.അനിക്കുട്ടനെ തുടർന്നുള്ള അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുന്നു .

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ,ആയതിൽ മറുപടി നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഹരീഷിന്റെ ഭാഗത്തു നിന്നും ചട്ട പ്രകാരം ചെയ്യേണ്ട കാര്യങ്ങളിൽ വ്യക്തമായ വീഴ്ചകൾ ഉണ്ടായതായി കാണുന്നതായി നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ അനിക്കുട്ടന്റെ പ്രവൃത്തി മേഖലയിലല്ല അനധികൃത കശാപ്പുശാലകൾ പ്രവർത്തിച്ചത് എന്നതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണ്.

8. മേൽ സാഹചര്യത്തിൽ ആലപ്പുഴ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് നടത്തിയ പരിശോധനയുടെ ഭാഗമായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ എൻ.കെ ഹരീഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ ജെ. അനിക്കുട്ടൻ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ശ്രീ. എൻ.കെ.ഹരീഷിന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരുവർഷത്തേക്കു സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ അനിക്കുട്ടനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ എൻ.കെ ഹരീഷ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ,ആലപ്പുഴ നഗരസഭ
ശ്രീ ജെ. അനിക്കുട്ടൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , ആലപ്പുഴ നഗരസഭ } (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് (ഡി) വകുപ്പ്(08.03.2019 തീയതിയിലെ VIG-D1/165/2019-VIG നമ്പർ കുറിപ്പ് പ്രകാരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ